# പള്ളിക്കൂദാശക്കാലം: രണ്ടാം ഞായർ

മത്താ: 12: 1.11

നിയമങ്ങളുടെ ഉറവിടവും ആധികാരികതയും ഈശോയാണ്. നിയമങ്ങളുടെ പൂർത്തീകരണവും പ്രവചനങ്ങളുടെ സാക്ഷാത്കാരവും അവിടുന്നാണ്. നേതാവായ മോശ നിയമ ദാതാവായെങ്കിൽ പുതിയ മോശയായ ഈശോ നിയമങ്ങളുടെ സത്തയായിത്തിർന്നു.

മുപ്പത്തൊമ്പതുതരം ജോലികൾ സാബത്തിൽ വിലക്കിയിരുന്നു. അതിൽ ഉൾപ്പെട്ട കൊയ്യുക, മെതിക്കുക, കുത്തുക, പാകംചെയ്യുക എന്നീ ജോലികൾ കതിരുപറിച്ചു തിന്നതിലൂടെ ശഷ്യർ ലംഘിച്ചതായി പ്രീശർ കണ്ടെത്തി. പക്ഷേ ശിഷ്യരുടെ പ്രവർത്തിയെ ന്യായീകരിക്കുന്ന ഈശോയേയാണ് നാം കാണുന്നത്. അതിനായി പുരോഹിതർക്കല്ലാതെ മറ്റാർക്കും ഭക്ഷിക്കാൻ അനുവാദമില്ലാത്ത കാഴ്ച്ചയപ്പം ഭക്ഷച്ച ദാവീദിന്റെ കഥയും (1 സാമു. 21.1.6, ലേവ്യർ. 24.5.9) സാബത്തിൽ ബലിയർപ്പണം നടത്തുന്ന പുരോഹിതരുടെ പ്രവർത്തനവും (സംഖ്യ 28.9.10) എടുത്തു കാണിക്കുന്നു. അങ്ങനെ താൻ സാബത്തിന്റെ അധീശനാണെന്നും ദൈവാലയങ്ങളുടേയും ബലിയർപ്പണങ്ങളുടേയും പൂർണതയായ തന്നിൽ വസിക്കുന്ന ശിഷ്യർ പുരോഹിതർക്കു തുല്ല്യമാണെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു.

സാബത്തിനേക്കാൾ മനുഷ്യരേയും ബലിയേക്കാൾ കരുണയുമാണ് ഈശോ ആഗ്രഹിക്കുന്നത്. നിയമങ്ങൾ നന്മ ചെയ്യുവാനുള്ള മാർഗങ്ങൾ മാത്രമാണ്. ആ നിയമങ്ങളെ നാം പാരമ്പര്യങ്ങളുടെ പേരിൽ ദുരുപയോഗിക്കരുത്. നിയമങ്ങളേക്കാൾ മനുഷ്യസ്നേഹം വളർത്താൻ ഈശോ നമ്മോടാവശ്യപ്പെടുന്നു.

ഈശോയുടെ ശിഷ്യരെന്നഭിമാനിക്കുന്ന നമ്മൾ എപ്രകാരമാണ് നിയമങ്ങളെ വിലയിരുത്തുന്നതെന്ന് ചിന്തിക്കാം. നമ്മുടെ നിയമങ്ങളും ചട്ടങ്ങളും മറ്റുള്ളവർക്ക് വിഷമതകളുണ്ടാക്കുവാനോ അവരുടെ ജീവിതം ദുരിതപൂർണ്ണമാക്കുവാനോ ഉള്ളതല്ല. പ്രത്യുത മാനുഷീക മൂല്യങ്ങളെ ജീവിതത്തിൽ പകർത്തുന്നതിനും സന്തോഷപൂർണ്ണമായ ജീവിതം നയിക്കുന്നതിനും വേണ്ടിയുള്ളതാണ്. ഈശോ നമ്മോടാന്നാവശ്യപ്പെടുന്നത് നിയമങ്ങളെ മനുഷ്യന്റെ വളർച്ചക്കുവേണ്ടിയുള്ള ഉപാധികളാക്കി മാറ്റാനാണ്. ഈ ദിവ്യബലിയിൽ നമുക്ക് പ്രാർത്ഥിക്കാം: ഈശോയേ അങ്ങയെപ്പോലെ മനുഷ്യന്റെ വളർച്ചക്കും ഉയർച്ചക്കുമായിനിയമങ്ങളേയും ആചാരങ്ങളേയും ഉപയോഗിക്കാനും അങ്ങനെ അങ്ങയുടെ പ്രതിപുരുഷരായി ജീവിക്കാനും ഞങ്ങളെ ശക്തരാക്കണമേ.